**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്-എസ്.എൽ.ആർ ജീവനക്കാരായി തുടർന്നു വരവെ റെഗുലർ സർവ്വീസിൽ അതിനായി നീക്കി വെച്ചിട്ടുള്ള തസ്തികകളിൽ ആഗിരണം ചെയ്ത് നിയമിതരാവുന്നവരെ കെ.എസ്.ആർ പാർട്ട് III പെൻഷൻ പദ്ധതിയിൽ തുടരാനനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ.(അച്ചടി) നം. 67 /2016/ധന. തിരുവനന്തപുരം, തീയതി: 10.05.2016

പരാമർശം : 1. സ.ഉ.(പി)നം. 20/2013/ധന. തീയതി 07.01.2013
2.ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.06.2015-ലെ ബി1 -4768/2015/സി.ഇ നമ്പർ കത്ത്

**ഉത്തരവ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ എസ്.എൽ.ആർ ജീവനക്കാരായി തുടർന്നു വരികയും 01.04.2013 ന് ശേഷം റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേക്ക് ആഗിരണം ചെയ്യപ്പെട്ട് ലാസ്കർ തസ്തികയിൽ നിയമിതരാകുകയും ചെയ്യുന്ന ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കണമെന്ന് പരാമർശം(2) പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു. വർഷങ്ങളായി സി.എൽ.ആർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും പിന്നീട് എസ്.എൽ.ആർ തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് എസ്.എൽ.ആർ വിഭാഗത്തിന് മാത്രമായി നീക്കി വെച്ചിട്ടുള്ള റഗുലർ എസ്റ്റാബ്ലിഷ്മെന്റിലേക്ക് 01.04.2013 ന് ശേഷം ആഗിരണം ചെയ്ത് നിയമിക്കപ്പെടുകയും ചെയ്യുന്ന ജീവനക്കാരെ കെ.എസ്.ആർ പാർട്ട് III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം നിയമിതരാവുന്ന എല്ലാ ജീവനക്കാർക്കും സർക്കാർ നാഷണൽ പെൻഷൻ പദ്ധതി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും എസ്.എൽ.ആർ സർവ്വീസ് അടിസ്ഥാന ശമ്പളം, ഡി.സി.ആർ.ജി, ആശ്രിത നിയമനം എന്നിവയ്ക്ക് അർഹതയുള്ള സർവ്വീസ് ആയതിനാൽ എസ്.എൽ.ആർ സർവ്വീസിൽ നിന്നും ജീവനക്കാരെ റഗുലർ സർവ്വീസിലേക്ക് ആഗിരണം ചെയ്യുന്നത് പുതിയ നിയമനമായി കണക്കാക്കാൻ കഴിയില്ല എന്നതുകൊണ്ട് എസ്.എൽ.ആർ ജീവനക്കാരായി തുടർന്നു വരവെ 01.04.2013-ന് ശേഷം റഗുലർ സർവ്വീസിൽ അതിനായി നീക്കി വെച്ചിട്ടുള്ള തസ്തികകളിൽ ആഗിരണം ചെയ്ത് നിയമിതരാവുന്നവരെ കെ.എസ്.ആർ പാർട്ട് III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി.ശ്രീനിവാസ്

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ)

പകർപ്പ്:
1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ),കേരള, തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരള, തിരുവനന്തപുരം.
3.ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4.ധനകാര്യ (എൻ.പി.എസ്) വകുപ്പ്.
5.സ്റ്റേറ്റ് നോഡൽ ഓഫീസർ, www.finance.kerala.gov.in
6.ധനകാര്യ (ITSF) വകുപ്പ്.
7.എല്ലാ വകുപ്പ മേധാവികൾക്കും
8.ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**